(ബി) ഈ ഡിവിഷനിൽ നേരിട്ട് നിയമനം നല്കപ്പെട്ട പ്രിവന്റീവ് ഓഫീസർമാരുടെ എണ്ണം എത്രയാണ് ;

(സി) സ്പെഷ്യൽ റൂൾസ് പ്രകാരം നേരിട്ടുള്ള നിയമനം മുഴുവൻ നടത്തിയിട്ടുണ്ടോ ;

(ഡി) ഇല്ലെങ്കിൽ അതിനുള്ള നടപടിക്രമങ്ങൾ എപ്പോൾ പൂർത്തിയാകുമെന്ന് വെളിപ്പെടുത്താമോ ?

ഉത്തരം

(എ) 65 (അറുപത്തിയഞ്ച്)

(ബി) 32 (മുപ്പത്തി രണ്ട്)

(സി) ഉണ്ട്.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

വ്യാജമദ്യ- കഞ്ചാവ് റെയ്ഡുകൾ

52 (2765) ശ്രീ. എം. നാരായണൻ (കുഴൽമന്ദം) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം (1997- ജനുവരി മുതൽ 2000 ജനുവരി വരെ) എത്ര വ്യാജമദ്യ കേസുകൾ രജിസ്റ്റർ ചെയ്തു എന്നും എത്ര ആളുകളെ ശിക്ഷിച്ചു എന്നും വ്യക്തമാക്കാമോ ;

(ബി) കഞ്ചാവു കൃഷിയുമായി ബന്ധപ്പെടുത്തി എത്ര കേസ് രജിസ്റ്റർ ചെയ്തു എന്നും എത്ര പേരെ ശിക്ഷിച്ചു എന്നും വ്യക്തമാക്കാമോ ;

(സി) ഇതിനകം എത്ര വ്യാജമദ്യ-കഞ്ചാവ് റെയ്ഡുകൾ നടത്തി എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ചു വരുന്നു.

കാപ്പാട് റിസോർട്ട്സിന് ബാർ ലൈസൻസ്

53 (2766) ശ്രീ. പി. വിശ്വൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ടൂറിസ്റ്റ് കേന്ദ്രമായ കാപ്പാട്-കാപ്പാട് റിസോർട്ട്സിന് ബാർ ലൈസൻസ് നൽകിയിട്ടുണ്ടോ ;

(ബി) ബാർ ലൈസൻസ് ആവശ്യപ്പെട്ടുകൊണ്ട് അപേക്ഷ ലഭിച്ചിട്ടുണ്ടോ ;

(സി) വിശദവിവരം വെളിപ്പെടുത്തുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഇല്ല.

(ബി) ഇല്ല.

(സി) ചോദ്യം ഉദിക്കുന്നില്ല.

വ്യാജമദ്യ ഉല്പാദനവും വില്പനയും

54 (2767) ശ്രീ. എൻ. കണ്ണൻ :
ശ്രീ. എം. ദാസൻ :
ശ്രീ. സെബാസ്റ്റ്യൻ പോൾ :
ശ്രീ. സി. പി. ബാലൻ വൈദ്യർ :
ശ്രീമതി കെ. കെ. ശൈലജ ടീച്ചർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ചാരായനിരോധനം നടപ്പാക്കിയശേഷം വ്യാജമദ്യ ഉൽപ്പാദനവും വില്പനയും വർദ്ധിച്ചുവരുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ വ്യാജമദ്യ ഉൽപാദനവും വിതരണവും തടയാൻ സർക്കാർ കൈക്കൊണ്ടിട്ടുള്ള നടപടികൾ എന്തെല്ലാം ;

(സി) ഈ നടപടികളുടെ ഭാഗമായി ഇത്തരത്തിലുള്ള എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട് ;

(ഡി) വ്യാജമദ്യഉൽപാദനവും വില്പനയും തടയുവാൻ ഗ്രാമീണ തലത്തിൽ ജനകീയ സമിതികൾക്ക് രൂപം നൽകുമോ ;

(ഇ) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ?

ഉത്തരം

(എ &ബി) ചില ഒറ്റപ്പെട്ട സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇവ തടയുന്നതിന് ശക്തമായ റെയ്ഡുകളും പരിശോധനകളും നടത്തിവരുന്നുണ്ട്. എല്ലാ അബ്കാരി ഷാപ്പുകളും പരിശോധനയ്ക്ക് വിധേയമാക്കുന്നുണ്ട്. വ്യാജമദ്യവും വാറ്റുപകരണങ്ങളും പിടിച്ചെടുത്ത് നശിപ്പിക്കുന്നുണ്ട്. അബ്കാരി കുറ്റകൃത്യങ്ങൾക്കുള്ള പിഴ ശിക്ഷ ഏറ്റവും കുറഞ്ഞത് ഒരു ലക്ഷം രൂപയായും തടവുശിക്ഷ പരമാവധി പത്തുവർഷമായും വർദ്ധിപ്പിച്ചിട്ടുണ്ട്. പോലീസ്, എക്സൈസ്, റവന്യൂ എന്നീ വകുപ്പുകളുടെ സംയുക്ത റെയ്ഡുകൾ സംഘടിപ്പിച്ചിട്ടുണ്ട്. വ്യാജമദ്യത്തിനെതിരെ ജനകീയ കമ്മിറ്റികൾ രൂപീകരിച്ചിട്ടുള്ളത് ഫലപ്രദമായി പ്രവർത്തിക്കുന്നുണ്ട്.

(സി) എക്സൈസ് വകുപ്പ് 21198 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly